പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *225. 14.12.2015 ന് മറുപടിയ്ക്ക്.

## നൈപുണ്യ വികസന അക്കാദമികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. വി.ഡി.സതീശൻ :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. സി.പി.മുഹമ്മദ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) വിവിധ തൊഴിൽ മേഖലകളിൽ നൈപുണ്യ വികസന അക്കാദമികൾ ആരംഭിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;<br><br>(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | **(എ) യും (ബി) യും** ഉണ്ട്. തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിൽ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിന് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) പ്രവർത്തിച്ചുവരുന്നു. ആഗോളവത്ക്കരണത്തെ തുടർന്ന് ആധുനിക ലോകത്തെ വിവിധ തൊഴിൽ മേഖലകളിലേയ്ക്കായി ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക യെന്നതാണ് KASE ന്റെ പ്രധാന ലക്ഷ്യം |
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ന്റെ വികസന പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനായി ബഹു. മുഖ്യമന്ത്രി ചെയർമാനും ബഹു. തൊഴിലും നൈപുണ്യവും വകുപ്പ മന്ത്രി വൈസ് ചെയർമാനും ആയുള്ള അഡ്വൈസറി കൗൺസിലും ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനും ആയുള്ള ബോർഡും രൂപീകരിച്ചിട്ടുണ്ട്. KASE ന്റെ ആഭിമുഖ്യത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC) സ്ഥാപി ക്കുന്നതിനുള്ള നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ച കഴിഞ്ഞു. കൊല്ലം ജില്ലയിലെ ചവറയിലും കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറയിലും കൗശൽകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ച. മറ്റ ജില്ലകളിലും കൗശൽ കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച വരുന്നു. തിരുവനന്ത പുരം കിൻഫ്ര അപ്പാരൽ പാർക്കിൽ, നഴ്സിംഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ എൻഹാൻസ്മെന്റും സെക്യൂരിറ്റി മേഖലയിൽ മികവിന്റെ കേന്ദ്രമായ സെന്റർ ഫോർ |

അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റിയും (CATS) പ്രവർത്തനമാരംഭിച്ചു. ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് ട്രെയിനിംഗ് പ്രോഗ്രാം ഇൻ ഓയിൽ & റിഗ് (ESPOIR), അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തനമാരംഭിച്ചു. ഇന്റർ നാഷണൽ സ്കിൽസ് പാർക്കിൽ ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, റീട്ടെയിൽ, ഹോസ്പിറ്റാലിറ്റി, സെക്യൂരിറ്റി (ഇന്റർനാഷണൽ) തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ